# STD I

2025-26

# അക്കാദമിക മാസ്റ്റർ പ്ലാൻ

ഗവ. എൽ. പി. സ്കൂൾ
കോട്ടക്കാനമംഗലം

# ആമുഖം

ഒന്നാം ക്ലാസിലെ പാഠപുസ്തകം 2024-25 വർഷം പരിഷ്കരിക്കുകയും ഒന്നാം വർഷത്തെ വിനിമയാനുഭവങ്ങളുടെ അടിസ്ഥാനത്തിൽ മെച്ചപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. പുതിയ പാഠപുസ്തകങ്ങളുടെ ഭാഗമായി നടപ്പിലാക്കിയ സംയുക്തഡയറി, രചനോത്സവം, പാട്ടരങ്ങ്, വായനോത്സവം എന്നിവയ്ക്ക് നല്ല സ്വീകാര്യത ലഭിച്ചു. ഒന്നാം ക്ലാസിലെ കുട്ടികൾ സ്വതന്ത്രവായനക്കാർ മാത്രമല്ല, സ്വതന്ത്ര രചയിതാക്കളും ആയി. ഭാഷാശേഷികളുടെ കാര്യത്തിലുണ്ടായ മികവ് നിലനിറുത്തുന്നതിനും കൂടുതൽ മെച്ചപ്പെട്ട അവസ്ഥയിലേക്ക് എത്തിക്കുന്നതിനും ആസൂത്രിതമായ പ്രവർത്തനം ആവശ്യമാണ്. അതിനുവേണ്ടി തയ്യാറാക്കിയിട്ടുള്ളതാണ് അക്കാദമിക മാസ്റ്റർ പ്ലാൻ.

വാർഷിക ലക്ഷ്യങ്ങൾ തീരുമാനിച്ച് ഒരു വർഷത്തേക്കുള്ള പ്രവർത്തന പദ്ധതി തയ്യാറാക്കുന്നതിനോടൊപ്പം ഓരോ മാസത്തെയും പ്രവർത്തനങ്ങൾ സമയബന്ധിതമായി നേടിയെടുക്കുന്നതിനും ആസൂത്രണം ആവശ്യമാണ്. നിരന്തരവിലയിരുത്തലിന്റെ അന്തസത്തയോട് നീതി പുലർത്തുന്നതിനായി വാർഷിക ലക്ഷ്യങ്ങൾ തീരുമാനിച്ച ശേഷം പ്രതിമാസ ലക്ഷ്യങ്ങളും പ്രവർത്തനങ്ങളും തയ്യാറാക്കുന്ന രീതിയാണവലംബിക്കുന്നത്. കുട്ടികളുടെ സമഗ്രഉന്നമനമെന്ന ലക്ഷ്യം വച്ചു കൊണ്ടുള്ള ഇത്തരമൊരു മാസ്റ്റർ പ്ലാൻ ഓരോ മാസവും ക്ലാസ് പി.ടി.എയിൽ ചർച്ച ചെയ്യുന്നതിനും അർഹിക്കുന്ന പ്രാധാന്യത്തോടെ നടപ്പിലാക്കുമ്പോഴും ഈ അക്കാദമികവർഷം കുട്ടികൾ നേടേണ്ട സകല ലക്ഷ്യങ്ങളും പൂർണതോതിൽ നേടാനാകുമെന്ന ഉത്തമ ബോധ്യമുണ്ട്.

# അവസ്ഥാവിശകലനം.

2025-26 അക്കാദമിക വർഷം ഒന്നാം ക്ലാസിൽ കുട്ടികളാണ് പ്രവേശനം നേടിയത്. അതിൽ കഴിഞ്ഞ അക്കാദമിക വർഷം ഈ വിദ്യാലയത്തിലെ തന്നെ പ്രീപ്രൈമറി വിദ്യാർത്ഥികൾ ആയിരുന്നവർ പേരാണ്. പ്രീപ്രൈമറി, അംഗണവാടി അനുഭവമുള്ളവർ പേരാണ്.

പ്രവേശനപ്രായത്തിന്റെ അടിസ്ഥാനത്തിൽ പരിശോധിച്ചാൽ ജൂൺ ഒന്നിന് ആറ് വയസ് പൂർത്തിയായ കുട്ടികളും ആറ് വയസ് പൂർത്തിയാകുന്നതിന് ഏതാനും മാസങ്ങൾ ആവശ്യമുള്ള കുട്ടികളും ഉണ്ട്.

## മൂന്ന് വർഷത്തെ പ്രധാന നേട്ടങ്ങൾ.

- എല്ലാ കുട്ടികൾക്കും മലയാളം അക്ഷരങ്ങളും ചിഹ്നങ്ങളും ഉറപ്പിക്കാനായി.
- സ്വതന്ത്രവായനക്കാരായി.
- ക്ലാസ് ലൈബ്രറിയിൽ നിന്ന് മലയാളം വായനക്കാർഡ് ബാലസാഹിത്യകൃതികൾ എന്നിവ എടുത്ത് വായിക്കുന്നതിന് എല്ലാവർക്കും കഴിഞ്ഞു.
- ഇംഗ്ലീഷ് ബാലസാഹിത്യകൃതികൾ വായിക്കുന്നതിലും ഉത്സാഹം കാണിച്ചു.
- പത്രം വായിക്കാനും പ്രധാന വാർത്തകളുടെ വിശദ വിവരങ്ങൾ അറിയാനശ്രമിക്കുകയും ചെയ്തു.
- ലഘു ബാലസാഹിത്യകൃതികൾ സ്വന്തമായി തയ്യാറാക്കി.
- ഇംഗ്ലീഷിലെ ലഘുസംഭാഷണങ്ങളിലേർപ്പെട്ടു.
- ഇംഗ്ലീഷ് അസംബ്ലി നടത്തി.
- കലാ-കായിക ശാസ്ത്രമേളകളിൽ പങ്കാളികളാവുകയും വിജയികളാവുകയും ചെയ്തു.
- ലഘുവായ ഗണിതപ്രശ്നങ്ങൾ പരിഹരിച്ചു.
- സംഖ്യാബോധമുണ്ടായി.
- ശാസ്ത്രസാങ്കേതികവിദ്യ സ്വന്തമായി കൈകാര്യം ചെയ്യുന്നതിനും വിവരങ്ങൾ മനസിലാക്കുന്നതിനും പ്രാപ്തരായി.

## നേരിട്ട പ്രശ്നങ്ങൾ

- മലയാളം പുസ്തകത്തിൽ പാഠങ്ങളുടെയും പ്രവർത്തനങ്ങളുടെയും ബാഹുല്യം കാരണം അവസാനഭാഗങ്ങൾ കൃത്യമായ രീതിയിൽ ക്ലാസിൽ അവതരിപ്പിക്കുന്നതിനോ കുട്ടികൾക്ക് വേണ്ടത്ര പിന്തുണ ഉറപ്പാക്കി-കൊണ്ട് ചെയ്യുന്നതിനോ സാധിച്ചില്ല.
- ഹാജരില്ലായ്മ - പലവിധ കാരണങ്ങളാൽ കുട്ടികൾ കൃത്യമായി ക്ലാസിൽ ഹാജരാകാതിരുന്നതും രണ്ടാം ടേമിനിടയിലെ കലാ-കായിക-ശാസ്ത്രമേളകൾക്കായി കൂടുതൽ സമയം വിനിയോഗിക്കപ്പെട്ടതും.
- ഗണിതപുസ്തകത്തിലെ പ്രശ്നങ്ങൾ: കുട്ടികൾക്ക് സംഖ്യാബോധം ഉറയ്ക്കുന്നതിന് മുമ്പു തന്നെ സങ്കലനം വ്യവകലനം തുടങ്ങിയ അടിസ്ഥാനക്രിയകൾ ഒരുമിച്ച് ചെയ്യേണ്ടി വന്നത്.

# വാർഷിക ലക്ഷ്യങ്ങൾ.

മലയാളം:

1. ചെറുസദസ്സിനു മുമ്പാകെ സങ്കോചമില്ലാതെ തന്റെ അനുഭവങ്ങൾ, ആശയങ്ങൾ, ആവശ്യങ്ങൾ തനിക്കറിയാവുന്ന കഥകൾ, പാട്ടുകൾ എന്നിവ വാചികമായി പങ്കിടുന്നതിന് കഴിവ് നേടുക.
2. ഓരോ കുട്ടിയും ലഘുബാലസാഹിത്യകൃതികൾ ഒഴുക്കോടെ വായിക്കാനുള്ള കഴിവ് നേടുക.
3. ഓരോ കുട്ടിയും വായിച്ചു മനസിലാക്കിയ കാര്യങ്ങൾ എഴുതിയും പറഞ്ഞും മറ്റു രീതികളിലും പങ്കിടാനുള്ള കഴിവ് നേടുക.
4. ഓരോ കുട്ടിയും സദസിനു മുമ്പാകെ നിശ്ചിത കാര്യങ്ങൾ ആശയവ്യക്തതയോടെ അവതരിപ്പിക്കാനുള്ള കഴിവ് നേടുക.
5. ഓരോ കുട്ടിയും സ്വന്തം ആശയം ഡയറി, വിവരണം, സംഭാഷണം എന്നീ രൂപങ്ങളിൽ എഴുതി പ്രകടിപ്പിക്കാനുള്ള കഴിവ് നേടുക.
6. ഓരോ കുട്ടിയും സർഗ്ഗാത്മകരചന നടത്താനുള്ള കഴിവ് നേടുക.
7. ഓരോ കുട്ടിയുടെയും സർഗ്ഗാത്മകരചനകൾ പുസ്തകരൂപത്തിൽ പ്രസിദ്ധീകരിക്കുക.
8. ഓരോ കുട്ടിയുടെയും തെരഞ്ഞെടുത്ത ഡയറികൾ പ്രസിദ്ധീകരിക്കുക.
9. ഓരോ കുട്ടിയുടെയും പഠനത്തെളിവുകളടങ്ങിയ വളരുന്ന അടിസ്ഥാനരേഖ രൂപപ്പെടുത്തുക.
10. ഓരോ കുട്ടിക്കും സ്വന്തമായൊരു ലൈബ്രറി - വളരുന്ന ലൈബ്രറി തയ്യാറാക്കുക.
11. പത്രം തയ്യാറാക്കൽ

ENGLISH

1. സ്വതന്ത്രവായന
2. സംഭാഷണങ്ങളിലേർപ്പെടൽ.
3. ചിത്രം, വസ്തു, സംഭവം തുടങ്ങിയവയെക്കുറിച്ച് വിവരിച്ച് പറയുന്നു.
4. ചിത്രം, വസ്തു, സംഭവം തുടങ്ങിയവയെക്കുറിച്ച് ലഘുവിവരണങ്ങളോ കുറിപ്പുകളോ തയ്യാറാക്കുന്നു
5. ഇംഗ്ലീഷ് പത്രം വായിക്കുന്നു.
6. ലഘുബാലസാഹിത്യകൃതികൾ വായിക്കുന്നു.
7. ഇംഗ്ലീഷിൽ അസംബ്ലി സംഘടിപ്പിക്കുന്നു.

ഗണിതം

1. 1-മുതൽ 100 വരെയുള്ള സംഖ്യകളെക്കുറിച്ച് സംഖ്യാബോധം നേടുക.
2. വലുത് ചെറുത്, കൂടുതൽ കുറവ്, മുകളിൽ താഴെ, ഇടത് വലത് എന്നിവയെക്കുറിച്ചുള്ള ധാരണ നേടുക.
3. വിവിധ രീതികളിൽ സംഖ്യാവ്യാഖ്യാനം നടത്തുന്നതിനുള്ള കഴിവ് നേടുക.
4. ആരോഹണ അവരോഹണക്രമത്തിൽ സംഖ്യകളെ ക്രമീകരിക്കുന്നതിനുള്ള കഴിവ് നേടുക.
5. വിവിധ മാതൃകയിൽ പാറ്റേണുകൾ തയ്യാറാക്കുന്നതിനും പാറ്റേണുകൾ പൂർത്തിയാക്കുന്നതിനുമുള്ള കഴിവ് നേടുക.
6. വിവിധ ജ്യാമിതീയ രൂപങ്ങൾ തിരിച്ചറിയുക, അവയുപയോഗിച്ചുള്ള ചെറിയ നിർമ്മാണപ്രവർത്തനങ്ങളിലേർപ്പെടുക.
7. സങ്കലനം, വ്യവകലനം ഇടങ്ങിയ അടിസ്ഥാനക്രിയകളെക്കുറിച്ചുള്ള ധാരണ നേടുക.
8. നിത്യജീവിതവുമായി ബന്ധപ്പെട്ട് ഗണിതപ്രശ്നങ്ങൾക്കുള്ള പരിഹാരം കാണുന്നതിന് പ്രാപ്തരാവുക.
9. 1-100 വരെയുള്ള സംഖ്യകളെ അക്ഷരത്തിലും അക്കത്തിലും എഴുതുന്നതിനുള്ള കഴിവ് നേടുക.
10. രക്ഷകർത്താക്കൾക്കായി ശില്പശാല സംഘടിപ്പിക്കുക. പഠനോപകരണങ്ങൾ നിർമ്മിക്കുക.

പരിസരപഠനം

1. ചുറ്റുപാടുകളെക്കുറിച്ചറിയുക അവയെ നിരീക്ഷിക്കുക.
2. വൈവിധ്യമാർന്ന സസ്യജാലങ്ങളെക്കുറിച്ചറിയുകയും അവയെ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത മനസിലാക്കുകയും ചെയ്യുന്നു.
3. സസ്യങ്ങൾ വച്ചു പിടിപ്പിക്കുന്നതിലും അവയെ പരിപാലിക്കുന്നതിനും പ്രാപ്തരാകുന്നു.
4. ചുറ്റുപാടുമുള്ള വൈവിധ്യമാർന്ന ജീവജാലങ്ങളെക്കുറിച്ചറിയുന്നു.
5. പരിസ്ഥിതി സംരക്ഷണത്തിന്റെ ആവശ്യകത എന്താണെന്നുള്ള ധാരണ നേടുന്നു.
6. പ്ലാസ്റ്റിക്കിന്റെ ഉപയോഗം വരുത്തുന്ന ദൂഷ്യങ്ങളെക്കുറിച്ച് മനസിലാക്കുന്നതിനും അവ അലക്ഷ്യമായി വലിച്ചെറിയുന്നത് അപകടമാണെന്നുമുള്ള ധാരണ നേടുന്നതിന്.
7. ലഘുപരീക്ഷണങ്ങളിലേർപ്പെടുന്നു.

# അക്കാദമിക മാസ്റ്റർ പ്ലാൻ.

## മലയാളം - Std-II

**പ്രവർത്തന ലക്ഷ്യങ്ങൾ :-**

- രണ്ടാം ക്ലാസിലെ ഓരോ കുട്ടിയും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന്.
- രണ്ടാം ക്ലാസിലെ എല്ലാ കുട്ടികളുടെയും ആശയഗ്രഹണ വായന ഉറപ്പാക്കുക
- ക്ലാസിലെ എല്ലാ കുട്ടികളെയും തെറ്റുകളില്ലാത്ത ക്ലാസ് നിലവാരത്തിലുള്ള വ്യവഹാര രൂപങ്ങൾ തയ്യാറാക്കാൻ കഴിവുള്ളവരാക്കുക.
- ചിത്രത്തെ ആസ്പദമാക്കി സംഭാഷണം, ലഘുവിവരണം, കഥ എന്നിവ തയ്യാറാക്കുന്നു.
- ആശയം, ഈണം, താളം എന്നിവ പരിഗണിച്ച് വരികൾ കൂട്ടിച്ചേർത്ത് കവിതകൾ എഴുതുകയും ചൊല്ലുകയും ചെയ്യുന്നു.

**ജൂൺ** -

ചിത്രകാർഡുകൾ നൽകൽ (ചിത്രവും പദവും ഉൾക്കൊണ്ട്), ഭാഷണത്തിന് ക്ലാസിൽ അവസരമൊരുക്കൽ.

വായനാ സാമഗ്രികൾ നിർമിക്കൽ

വായനയും എഴുത്തും വികസിപ്പിക്കാനുള്ള തന്ത്രങ്ങൾ വികസിപ്പിക്കൽ.

**ജൂലൈ** -

ഭാഷയുമായി ബന്ധപ്പെട്ട ICT സാധ്യത ഉറപ്പാക്കുന്നു. ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് വായനയുടെയും എഴുത്തിന്റെയും സാധ്യത ഉറപ്പാക്കുന്നു.

സ്കൂൾ ലൈബ്രറി, ക്ലാസ് ലൈബ്രറി എന്നിവ സജ്ജീകരിക്കുന്നു.

**ആഗസ്ത്** -

ക്ലാസ് ലൈബ്രറി പ്രവർത്തനക്ഷമമാക്കൽ രക്ഷിതാക്കളുടെ സഹായം ഉറപ്പുവരുത്തൽ. വീട്ടു ലൈബ്രറി ഒരുക്കൽ. ചിത്ര വിവരണം വായന തലത്തിൽ എത്തിച്ച് വ്യത്യസ്ത വ്യവഹാര രൂപങ്ങൾ ഉണ്ടാക്കുന്നു.

**സെപ്റ്റംബർ** -

വായിച്ചറിഞ്ഞ കഥയെ ചിത്രങ്ങളാക്കൽ

വായിച്ച കഥയിൽ നിന്ന് സംഭാഷണം ഒരുക്കൽ.

വായിച്ച കഥയിൽ നിന്ന് ചോദ്യങ്ങൾ ഉണ്ടാക്കൽ

വായിച്ച കഥാരംഗങ്ങൾക്ക് രംഗാവിഷ്കാരം ചെയ്യൽ

**ഒക്ടോബർ** -

കേട്ടതോ വായിച്ചതോ ആയ കഥകൾ സംഭാഷണങ്ങൾ എന്നിവ സ്വന്തം ഭാഷയിൽ വാചികമായി അവതരിപ്പിക്കുന്നതിനുള്ള അവസരം ഒരുക്കൽ.

വിവിധ തരത്തിലുള്ള പതിപ്പ് തയ്യാറാക്കൽ

**നവംബർ - ഡിസംബർ**

ലേഖന പ്രവർത്തനങ്ങളിൽ ഏർപ്പെട്ട് വ്യക്തിഗത മാഗസിനുകൾ തയ്യാറാക്കാൻ അവസരം ഒരുക്കുന്നു.

**ജനുവരി** - വരികൾ കൂട്ടിച്ചേർത്ത് പാടുന്നതിനും എഴുതുന്നതിനുമുള്ള അവസരം ഒരുക്കൽ

ലഘു വിവരണങ്ങൾ പ്രത്യേകതകൾ എഴുതുന്നതിനും വായിക്കുന്നതിനുമുള്ള അവസരം ഒരുക്കൽ.

**ഫെബ്രുവരി**

എല്ലാ മേഖലയിലും കുട്ടികളെ മികവിലെത്തിക്കാൻ സാധിച്ചു എന്നുള്ളത് ഉറപ്പ് വരുത്താൻ (ഭാഷണം, ലേഖനം, എഴുത്ത്.)

കുട്ടികളിൽ സ്വതന്ത്രമായ സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനുള്ള അവസരം ഒരുക്കൽ.

**മാർച്ച്**

- വ്യക്തിഗത രചനയെ പ്രോത്സാഹിപ്പിക്കൽ
- ഓരോ കുട്ടിക്കും ഓരോ പതിപ്പുകൾ, മാഗസിനുകൾ, കൈയ്യെഴുത്ത് മാസിക തയ്യാറാക്കൽ
- വീട്ടുവായന, കൂട്ടുവായന, നാട്ടുവായന അമ്മവായന, ചിത്രവായന ഇവയെ പ്രോത്സാഹിപ്പിക്കൽ
- ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി ശക്തമാക്കൽ.

അക്കാദമിക മാസ്റ്റർപ്ലാൻ

ഗണിതം - Std - II

**പ്രവർത്തന ലക്ഷ്യങ്ങൾ :-**

രണ്ടാം ക്ലാസിലെ കുട്ടിയെ 100 വരെയുള്ള സംഖ്യാ ബോധം, സംഖ്യകളെ വ്യാഖ്യാനിക്കാനും സങ്കലനം, വ്യവകലനം പ്രശ്നാപഗ്രഥനം എന്നിങ്ങനെയുള്ള ശേഷി ഉറപ്പാക്കൽ.

- സംഖ്യാ ബോധവും, ക്രിയാ ശേഷികളും എല്ലാവരിലും നേടിയെടുക്കുന്നതിന്
- ഗണിത കിറ്റ് ഉപയോഗിച്ച് ഗണിതാശയങ്ങൾ ഉറപ്പിക്കൽ.
- ഒരു നിശ്ചിത സംഖ്യയിൽ നിന്ന് ക്രമമായി എഴുതുന്നു, എണ്ണുന്നു.
- ഒരു സംഖ്യയോട് മറ്റൊരു സംഖ്യ കൂട്ടിയാൽ വ്യത്യസ്തതരത്തിൽ ഉത്തരങ്ങൾ കൈവരിക്കാൻ ആകും എന്ന മേഖലയിൽ എത്തിച്ചേരൽ.
- പ്രായോഗിക ഗണിത പ്രശ്നങ്ങൾ പരിഹരിക്കുന്നു. വ്യത്യസ്ത രീതിയിൽ പ്രയോഗപ്പെടുത്തുന്നു

**ജൂൺ.**

1, 2, 3, 4

1, 3, 5, 7

10, 20, 30, 40

5, 10, 15, 20

2, 4, 6, 8 തുടങ്ങിയ പാറ്റേണുകളിലെ സംഖ്യാബോധം കണ്ടെത്തൽ. ഒരു സംഖ്യയോട് 1 കൂട്ടിയാൽ തൊട്ടടുത്ത സംഖ്യയും 1 കുറച്ചാൽ തൊട്ട് മുൻപിലത്തെ സംഖ്യയും കിട്ടും എന്ന തിരിച്ചറിവ് ഉണ്ടാക്കൽ.

**ജൂലൈ.**

ഒരു കൂട്ടം വസ്തുക്കളോട് അതേ ഇനത്തിൽപെട്ട മറ്റൊരു കൂട്ടം വസ്തുക്കൾ ചേർത്ത് ആദ്യ കൂട്ടത്തിന്റെ തുടർച്ചയായി എണ്ണി ആകെ എണ്ണം പറയൽ.

ഗണിത കിറ്റ് എല്ലാ കുട്ടികൾക്കും ഉറപ്പാക്കൽ.

10 ന്റെയും 1-ന്റെയും കൂട്ടങ്ങൾ ചേർത്ത് രണ്ടക്ക സംഖ്യകൾ രൂപീകരിക്കൽ.

5+5=10, 10+5 = 15

**ആഗസ്റ്റ്**

വിവിധ പാറ്റേണുകൾ രൂപീകരിക്കൽ

സംഖ്യകളുടെ പ്രത്യേകതകൾ കണ്ടെത്തൽ

99 നോട് 1 ചേർന്നാൽ 100

10 പത്തുകൾ ചേർന്നാൽ 100

100 ഒന്നുകൾ ചേർന്നാൽ 100

ധാരണ നേടൽ.

**സെപ്റ്റംബർ -**

ഗണിത കിറ്റിലെ സാധനങ്ങൾ നിരത്തി പ്രായോഗിക പ്രശ്നം പരിഹരിക്കൽ.

വില വിവര പട്ടിക തയ്യാറാക്കൽ

**ഒക്ടോബർ-**

രണ്ടക്ക സംഖ്യകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നു

സങ്കലന വ്യവകലന ക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കൽ

സംഖ്യാ പാറ്റേണുകൾ രൂപീകരിക്കൽ .

**നവംബർ**

സ്ഥാന വില തിരിച്ചറിയൽ (ഒന്ന്, പത്ത്, നോട്ടുകളും നാണയങ്ങളും തിരിച്ചറിയൽ കൂട്ടി ചേർത്ത് സംഖ്യ രൂപീകരിക്കൽ.

**ഡിസംബർ**

സംഖ്യാബോധം തിരിച്ചറിവിൽ സംഖ്യാ വ്യാഖ്യാനം ഉറപ്പാക്കൽ. സ്ഥാനവില പ്രശ്നം പരിഹരിക്കുന്നതിനായി അബാക്കസ് നിർമിക്കൽ

രണ്ടക്ക സംഖ്യകളുടെ തുക കണ്ടെത്താനായി വ്യത്യസ്ത രീതികൾ ഉപയോഗിക്കുന്നു.

**ജനുവരി -**

സങ്കലന വ്യവകലന ക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യൽ

**ഫെബ്രുവരി -**

ഗണിത പഠനം കളിരീതിയിൽ മാറ്റി വിജയം കൈവരിക്കൽ

**മാർച്ച് -**

കലണ്ടർ പതിപ്പ് തയ്യാറാക്കൽ

കലണ്ടറിൽ ചുവന്ന അക്കങ്ങളും കറുത്ത അക്കങ്ങളും തിരിച്ചറിവ്. മാസത്തിൽ ദിവസങ്ങളുടെ വ്യത്യാസം കണ്ടെത്തൽ. കലണ്ടർ സംഖ്യാ ബന്ധങ്ങൾ പാറ്റേണുകൾ രൂപീകരിക്കൽ. കലണ്ടർ നോക്കി സംഖ്യകൾ താരതമ്യം ചെയ്യൽ. ഗണിതാശയങ്ങൾ പ്രായോഗിക പ്രശ്നത്തിലൂടെ കൈകാര്യം ചെയ്യാൻ പ്രാപ്തരാക്കി കഴിയുക.

Accadamic Master plan
English - std - II

**Aim** - To speak, read and write English without any mistakes.

**June** - To develop listening skills and reading skills First.

**Listening skills** - games, Action songs, Hello english activities, conversation, skit stories, use ICT

**speaking skills** - Descriptions, growing sentences, picture reading, picture descriptions, self-introduction. school radio etc

**July & August** :- Reading skills
News paper reading, Library books reading, book review, reading breaking news, Find-words. collect and read Paste tense. rhyming words describing words etc. textbook activities.

Writing skills :-

Make word web, picture description word chain sentence chain make words & sentences make riddles conversation Add more lines develop story description notice proclamation diary letter Announcement magazines.

# മലയാളം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ്. |
|---|---|---|
| വായന<br>മലയാളം തെറ്റു കൂടാതെയും അക്ഷരസ്ഫുടതയോടെയും അനായാസമായി വായിക്കുവാൻ. | പ്രീ-ടെസ്റ്റ്.<br>ക്ലാസ് ലൈബ്രറി വികസനം<br>. വായന<br>വായനാകാർഡ് തയ്യാറാക്കൽ. | ജൂൺ.<br>അധ്യയനവർഷം മുഴുവനും |
| ലേഖനം.<br>വിവിധ വ്യവഹാരരൂപങ്ങൾ ആസ്വദിക്കുവാനും എഴുതുവാനും ഉള്ള ശേഷി വികസിപ്പിക്കുക. | ദിനാചരണങ്ങളുമായി ബന്ധപ്പെട്ട വിവിധ വ്യവഹാരരൂപങ്ങളിൽ രചന നടത്തുക. | . |
| - അക്ഷരം തെറ്റു കൂടാതെ എഴുതുവാനും ഉള്ള ശേഷി കൈവരിക്കൽ, വിവിധ ഭാഷാ വ്യവഹാരങ്ങൾ രചന നടത്താനുള്ള ശേഷി കൈവരിക്കൽ | ജൂൺ, 19 വായനാദിനം<br>ആഗസ്റ്റ്-19,<br>സെപ്റ്റംബർ 5-<br>നവംബർ - 1<br>നവംബർ - 14 | ജൂൺ<br>ആഗസ്റ്റ്<br>സെപ്റ്റംബർ |
| സർഗാത്മക പ്രകടനം | കുട്ടികൾ തയ്യാറാക്കിയ വിവിധ വ്യവഹാരരൂപങ്ങൾ അവതരിപ്പിക്കാൻ വേദി. സി.പി.ടി.എ. | അധ്യയനവർഷം മുഴുവൻ. |

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് |
| --- | --- | --- |
| ചതുരം, വൃത്തം, ത്രികോണം എന്നീ രൂപങ്ങളെക്കുറിച്ചുള്ള ധാരണ നൽകുന്നു. | ഈർക്കിലുകൾ, കമ്പുകൾ, തുടങ്ങിയ ഉപയോഗിച്ച് ചതുരം, ത്രികോണം, വൃത്തം എന്നിവ നിർമിക്കുന്നു | ജൂൺ, ജൂലൈ |
| സംഖ്യ 999 വരെയുള്ള സംഖ്യകളെ വ്യത്യസ്ത രീതിയിൽ വ്യാഖ്യാനിക്കുന്നു | സംഖ്യാ പാറ്റേണുകൾ<br>• നാണയങ്ങൾ, കളിനോട്ടുകൾ<br>• പാറ്റേണുകൾ (ഗണിതരൂപ് | ആഗസ്റ്റ്<br>ആഗസ്റ്റ് |
| എണ്ണം കൂടിക്കിട്ടും സംഖ്യാ ബോധം ഉണ്ടാക്കുക. | വസ്തുക്കൾ ഉപയോഗിച്ച് സംഖ്യകൾ ഉറപ്പിക്കൽ. | സെപ്റ്റംബർ |
| സങ്കലന-വ്യവകലന ക്രിയകൾ കുട്ടികളെ പ്രാപ്തരാക്കുക. | • മനഃകണക്കുകൾ<br>• നിത്യജീവിതവുമായി-ബന്ധപ്പെട്ട പ്രവർത്തനങ്ങൾ | ഒക്ടോബർ / നവംബർ |

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് |
| --- | --- | --- |
| ഗുണന വസ്തുതകൾ - നേടൽ | • മനക്കണക്കുകൾ<br>• മഞ്ചാടിക്കളി | നവംബർ - ജനുവരി |
| ഹരണക്രിയയുമായി - ബന്ധപ്പെട്ട ശേഷികൾ നേടൽ. | • നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ.<br>• ഐ.സി.ടി വിഭവങ്ങൾ ഉപയോഗിച്ച് പ്രവർത്തനങ്ങൾ | ഫെബ്രുവരി മാർച്ച്. |

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് |
| --- | --- | --- |
| • നമ്മുടെ ചുറ്റുപാടിനെക്കുറിച്ച് കുട്ടികളിൽ നല്ല ബോധം ഉണ്ടാക്കുക, ജൈവ വൈവിധ്യ ഉദ്യാന സംരക്ഷണം. | സസ്യങ്ങളെ തിരിച്ചറിയൽ പ്രകൃതി നടത്തം - (വിദ്യാലയ പരിസരം, പാടം, ജൈവ വൈവിധ്യ ഉദ്യാനം) | ജൂൺ, ജൂലൈ |
| പ്രകൃതി സംരക്ഷണം. | • മണ്ണ്, ജലം, വായു - എന്നിവ സംരക്ഷിക്കുന്നതിനാവശ്യമായ പോസ്റ്ററുകൾ സ്ഥാപിക്കുക. മഴക്കുഴി നിർമ്മാണം, വിദ്യാലയത്തിലെ പ്ലാസ്റ്റിക് ശേഖരിച്ച് ഹരിതകർമ്മ സേനക്ക് കൈമാറൽ | ആഗസ്റ്റ് - സെപ്റ്റംബർ |
| വ്യക്തി ശുചിത്വം | കൈ കഴുകൽ - പരിശീലനം • പോസ്റ്റർ നിർമ്മാണം ശുചിത്വ സന്ദേശങ്ങൾ വിദ്യാലയത്തിലെ വിവിധ ഇടങ്ങളിൽ പതിക്കൽ | സെപ്റ്റംബർ - ഒക്ടോബർ |

| Aims | Activities | Duration. |
|---|---|---|
| To study albhabets. | • pretest<br>• write simple words | June July |
| • To study, write and read simple words | circle the word from TB and read | August - September |
| - Create more opportunities for English speaking in the class room. | • class room communication should be in English, like may I drinks some water may I go to bath room.<br>• Hello<br>• Good morning<br>• Good morning everyone<br>• How are you<br>• How are you all<br>• How are you today<br>• Let me take attendance | Academic Year |

✓ 18/6/14

STD - IV

# അക്കാദമിക മാസ്റ്റർ പ്ലാൻ - മലയാളം

| പഠനനേട്ടം | പ്രവർത്തനങ്ങൾ | പ്രവർത്തന വിശദീകരണം | കാലയളവ് |
|---|---|---|---|
| അക്ഷരസ്ഫുടതയോടെയും ഒഴുക്കോടെയും ആശയവ്യക്തതയോടെയും ഉള്ള വായന | വായിക്കാം<br>എഴുതാം<br>വായിക്കാം | പ്രീടെസ്റ്റ്<br>• നിശ്ശബ്ദവായന<br>• ഉറക്കെയുള്ള വായന<br>• വായന കാർഡ്<br>• ഉച്ചത്തിൽ വായന | 2 ആഴ്ച<br>ജൂൺ - അധ്യയന വർഷം മുഴുവൻ |
| ലേഖനം:<br>വിവിധ വ്യവഹാര രൂപങ്ങൾ തിരിച്ചറിഞ്ഞ് പറയാനും എഴുതാനും ഉള്ള ശേഷി വികസിപ്പിക്കുക. | • അക്ഷരവായന<br>• ക്ലാസ് ലൈബ്രറി ക്രമീകരണം<br>• അക്ഷരം പഠിയാം.<br>• തുടർ പ്രവർത്തനം. | • വായനാകാർഡ് നൽകൽ<br>• നോട്ട് ബുക്കിൽ എഴുതൽ<br>• രക്ഷിതാവിന് വായനാകാർഡ് വായിച്ചു കേൾപ്പിക്കൽ<br>• ദിനാചരണ വ്യവഹാര രൂപങ്ങൾ<br>• കുട്ടിക്ക് പുസ്തകം/കാർഡ് നൽകുന്നു.<br>• നിശബ്ദവായന<br>• വായിച്ചതിന്നാശയം പറയൽ | ജൂൺ ആഗസ്റ്റ് മാസങ്ങൾ |
| • കഥ, കവിത എന്നിവ കേട്ട് സ്വന്തം ഭാഷയിൽ പറഞ്ഞും എഴുതിയും അവതരിപ്പിക്കുന്നു<br><br>സർഗ്ഗാത്മകത | ക്ലാസ്സും ലൈബ്രറി വികസനം<br>കഥകാണാം,<br>എഴുതാം | • ലൈബ്രറിയിൽ പുസ്തക വിതരണം.<br>• വായനാനുഭവം<br>• ICT - കഥ കാണൽ<br>• കണ്ട കഥ എഴുതൽ<br>• കവിത, ചിത്രരചന<br>• വിവരണം, കുറിപ്പ് | അധ്യയന വർഷം മുഴുവൻ |

# ഗണിതം

| പഠനനേട്ടം | പ്രവർത്തനം | പ്രവർത്തന വിശദീകരണം | കാലയളവ് |
|---|---|---|---|
| സംഖ്യാബോധം (1 - 1000 സംഖ്യകൾ എണ്ണുന്നു, എഴുതുന്നു) | നാണയങ്ങളും രൂപങ്ങൾ പത്ത് ചക്രത്തിൽ | • രൂപങ്ങൾ തിരിച്ചറിയുന്നു.<br>• രൂപങ്ങൾ തിരിച്ചറിഞ്ഞെഴുതുന്നു. | ജൂൺ |
| | പാറ്റേൺ പൂർത്തിയാക്കാം | • സംഖ്യാവായിക്കാം<br>• മൂന്നക്ക സംഖ്യ എഴുതാം | ജൂലൈ |
| | ക്രമത്തിലാക്കാം | • നൂറ്റസംഖ്യ എഴുതൽ | ഓഗസ്റ്റ് |
| | കൂട്ടങ്ങളാക്കാം | • പാറ്റേൺ പൂർത്തിയാക്കൽ<br>• വ്യത്യസ്ത സംഖ്യകൾ കണ്ടെത്തൽ | സെപ്റ്റംബർ |
| | സംഖ്യാസൂത്രങ്ങൾ | • ആരോഹണ, അവരോഹണ ക്രമത്തിലാക്കൽ | ഒക്ടോബർ |
| | ക്രമീകരിക്കാം | | |
| മൂന്നക്ക/ നാലക്ക സംഖ്യകളെ വിശ്ലേഷിക്കാൻ | ഒരു കച്ചവടത്തിൽ | • മൂന്നക്ക സംഖ്യ ക്രമീകരിച്ചെഴുതൽ | നവംബർ |
| | സമയചക്രം | • കളിനോട്ടുപയോഗിച്ച് സ്ഥാനം മനസ്സിലാക്കി | ഡിസംബർ |
| പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കാൻ | സംഖ്യാചക്രം | കൂട്ടങ്ങളാക്കൽ | ജനുവരി |
| | ഭാഗ്യവാൻ | • സമയ പൂരണം നിർണ്ണയിക്കൽ നടത്താൻ | |
| ചതുഷ്ക്രിയകൾ ഉപയോഗിക്കുന്നു. | ജോഡികളാക്കാം | • ക്രിയചെയ്യാം | ജനുവരി |
| | | • സംഖ്യാചക്രം കറക്കി കിട്ടുന്നവ കാണാൻ | ഫെബ്രുവരി |
| | | • സമമോ, വലുതോ, ചെറുതോ വരാം നിർദ്ദേശങ്ങൾ | ഫെബ്രുവരി |
| | | • സംഖ്യാ ന്യായങ്ങൾ കണ്ടെത്തുന്നു. | |

# English

| Learning outcomes | Activities | Activity Details | Duration |
|---|---|---|---|
| • Describes the pictures. | • Picture Descriptions | • The teacher shows a picture<br>• Discussion<br>• The children talk about the picture. | June to August |
| • Arranges word in alphabetical order. | • Dictionary. | Show learners.<br>• Introducing the dictionary<br>• Circle words<br>• Arranging words in alphabetical order | July to march |
| • Adds more exchanges to the conversation suitable to the context | • Conversation<br>• Rhyming words | • Reading the conversation<br>• Conversation is acting with friends<br>• Add more exchange. | July to September |
| • Identifies rhyming words from the poem | • Add more lines<br>• Let's read | • Plays audio of song.<br>• Let the learner sing after the audio<br>• Discussion | July to December |
| • Add lines to a poem following a set pattern<br>• Reads and understands given stories and poems. | • Riddles.<br>• Project works | • Identifies rhyming words<br>• Plays the audio of song. | December to march |
| • makes simple riddles | | • provides the opportunity to read simple stories and poems | August to march |
| • undertakes simple project work given. | | • make simple riddles<br>• Data collection.<br>• Codifying. | October to march. |

# പരിസരപഠനം

| പഠനനേട്ടം | പ്രവർത്തനങ്ങൾ | പ്രവർത്തന വിശദീകരണം | കാലയളവ് |
|---|---|---|---|
| പരിസ്ഥിതി സൗഹൃദ മനോഭാവങ്ങൾ വളർത്തിയെടുക്കുക | പ്രകൃതി നടത്തം | • ചുറ്റുപാടുമുള്ള ജീവജാലങ്ങളെ നിരീക്ഷിക്കാം<br>• പ്രത്യേകതകൾ മനസ്സിലാക്കാം | ജൂൺ - ഒക്ടോബർ |
| • വ്യക്തിശുചിത്വവും പരിസരശുചിത്വവും | പൂന്തോട്ടം ഒരുക്കാം | • വിവിധ ആവാസവ്യവസ്ഥകൾ തിരിച്ചറിയാം<br>• ആവാസവ്യവസ്ഥ സംരക്ഷിക്കാം | ജൂൺ - മാർച്ച് |
| • ശാസ്ത്ര വിഷയങ്ങളിൽ അഭിരുചിയും താത്പര്യവും വളർത്തുക. | ഒരു തൈ നടാം | • ചുറ്റുപാടുമുള്ള മലിനമായ പ്രദേശം തിരിച്ചറിഞ്ഞ് വൃത്തിയാക്കൽ | ജൂൺ - മാർച്ച് |
| | | • തൈകളും ചെടികളും നിരീക്ഷിക്കാം | ജൂൺ - മാർച്ച് |
| | പോസ്റ്റർ നിർമ്മാണം | • സ്കൂളിൽ പൂന്തോട്ടം ഒരുക്കൽ<br>• സസ്യങ്ങൾ പൂന്തോട്ടം പരിപാലിക്കൽ | |
| | ദാഹജലം | • പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് വൃക്ഷത്തൈ നടൽ<br>• വൃക്ഷത്തെ പരിപാലിക്കൽ | ജൂൺ - മാർച്ച് |
| | ദിനാഘോഷങ്ങൾ | • ദിനാചരണങ്ങൾ - ഗാന്ധിജയന്തി<br>• സ്കൂളിന് ചുറ്റുമതിൽ നടൽ | ജൂൺ - ഡിസംബർ |
| | നാടകങ്ങൾ | • ക്ലാസ് തലത്തിൽ ശുചിത്വവാരം<br>• വ്യക്തിശുചിത്വം, ക്ലാസ്റൂം, പരിസരശുചിത്വം | ജനുവരി - മാർച്ച് |
| | | • മലിനീകരണ പ്രശ്നം തിരിച്ചറിയൽ<br>• പരിസ്ഥിതി സംരക്ഷണ പ്രതിജ്ഞ | ഡിസംബർ - ഫെബ്രുവരി |
| | | • പോസ്റ്ററുകൾ തയ്യാറാക്കൽ<br>• വീഡിയോ ക്ലിപ്പ്.<br>• പതിപ്പുകൾ | ജനുവരി - മാർച്ച് |